**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1105** | **09-10-2024 - ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത ആനുകൂല്യങ്ങളിൽ ഓരോന്നിലും നിലവിൽ എത്ര കുടിശിക ഉണ്ടെന്നും ഇനം തിരിച്ച് വിശദമാക്കുമോ; | (എ) | പത്താം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കും പാരലൽ കോളേജ്, ഐ.ടി.ഐ. വിദ്യാർത്ഥികൾക്കും ആയി നൽകി വരുന്ന ലംപ്സം ഗ്രാന്റ്, പ്ലസ് വൺ മുതലുള്ള വിദ്യാർത്ഥികൾക്കായി നൽകുന്ന പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം (ഇ ഗ്രാന്റ്സ്) എന്നിവയാണ് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ. പ്രീമെട്രിക് പാരലൽ കോളേജ്, ഐ.ടി.ഐ വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് ഫിഷറീസ് ജില്ലാ ഓഫീസുകൾ മുഖേനയും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം ഫിഷറീസ് ജോയിന്റ് ഡയറക്ടർ(ട്രെയിനിംഗ്) ഓഫീസ് മുഖേനയുമാണ് വിതരണം ചെയ്യുന്നത്. കൂടാതെ അച്ഛനമ്മമാർ മരിച്ചുപോയ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ സർക്കാർ ഏറ്റെടുക്കുന്ന ദത്തെടുക്കൽ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ ഹൈസ്കൂൾ വിദ്യാഭ്യാസം മുൻനിർത്തി പ്രവർത്തിക്കുന്ന വകുപ്പിന് കീഴിലുള്ള 10 ഗവണ്മെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിലെ പൂർണ്ണമായ ചെലവുകൾ എന്നിവയും സർക്കാർ നൽകിവരുന്നു. വിദ്യാഭ്യാസ ധനസഹായം ഓരോ ഇനത്തിലും നിലവിലുള്ള കുടിശ്ശിക ഇനം, ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ലംപ്സം ഗ്രാന്റ് കുടിശ്ശിക (രൂപയിൽ) | ഇ ഗ്രാന്റ്സ് കുടിശ്ശിക (രൂപയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 50,000,00 | |
| 2 | കൊല്ലം | - | |
| 3 | പത്തനംതിട്ട | - | |
| 4 | കോട്ടയം | - | |
| 5 | ആലപ്പുഴ | 6,64,113 | |
| 6 | ഇടുക്കി | - | |
| 7 | എറണാകുളം | 8,10,900 | |
| 8 | തൃശ്ശൂർ | - | |
| 9 | മലപ്പുറം | 2,69,75,700 | |

| | | | |
|---|---|---|---|
| 10 | പാലക്കാട് | - | |
| 11 | കോഴിക്കോട് | 14,00,000 | |
| 12 | വയനാട് | - | |
| 13 | കണ്ണൂർ | 42,405 | |
| 14 | കാസറഗോഡ് | 3,52,650 | |
| 15 | ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) | | 20,59,00,000 |
| ആകെ കുടിശ്ശിക (ലംപ്സം ഗ്രാന്റ് കുടിശ്ശിക+ഇ ഗ്രാന്റ്സ്) 24,11,45,768 രൂപ | | | |

| | | | |
|---|---|---|---|
| (ബി) | കുടിശ്ശിക തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ 2024-25 വർഷം നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 27.5 കോടി രൂപയിൽ 27.42 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. അധികമായി വേണ്ട തുക അഡീഷണൽ ഓതറൈസേഷൻ മുഖേനയോ റീ അപ്രോപ്രിയേഷൻ മുഖേനയോ കണ്ടെത്തി ശേഷിക്കുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ